**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5491** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ ജിമ്മും സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ടൂറിസം വകുപ്പുമായി ചേർന്ന് സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ച ഓപ്പൺ ജിമ്മിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; വിശദാംശം നൽകാമോ;</td><td>(എ)</td><td>സർക്കാരിന്റെ "എല്ലാവർക്കും ആരോഗ്യം" എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി പ്രായഭേദമന്യേ ജനങ്ങൾക്ക് ഒത്തുകൂടുന്നതിനും ലഘു വ്യായാമം ചെയ്യുന്നതിനുമായാണ് ഓപ്പൺ ജിമ്മുകൾ സ്ഥാപിതമായത്. കായിക-ടൂറിസം വകുപ്പുകൾ സംയുക്തമായി ടൂറിസം വകുപ്പിന് കീഴിലുള്ള തിരഞ്ഞെടുത്ത ഏഴ് കേന്ദ്രങ്ങളായ മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് പാർക്ക്, വയനാട് ജില്ലയിലെ കൽപ്പറ്റ ജിനചന്ദ്രൻ സ്റ്റേഡിയം, തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്, സെൻട്രൽ സ്റ്റേഡിയം, ആലപ്പുഴ ജില്ലയിലെ ലൈറ്റ് ഹൗസിന് സമീപം, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട് ബീച്ച് എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 7 സെന്ററുകളിൽ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനായി 24.06.2023-ൽ 62.32 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നല്കുകയും, 27.06.2023-ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. സാങ്കേതിക കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം 24-04-2024-ൽ പ്രവൃത്തി റീ -ടെൻഡർ ചെയ്യുകയും 4 ബിഡ്ഡുകൾ ലഭ്യമാകുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ സമർപ്പിച്ച സാമ്പിൾ 14.05.2024 ൽ ചേർന്ന സാങ്കേതിക കമ്മറ്റി അംഗീകരിച്ചതിൻ പ്രകാരം ഇവയുടെ ഫിനാൻഷ്യൽ ബിഡ് തുറന്നതിന് ശേഷം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് ഓർഡർ നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഉദ്ദേശ്യം</td><td>(ബി)</td><td>കായിക വകുപ്പിന് കീഴിൽ താരതമ്യേന വളരെ കുറഞ്ഞ നിരക്കിൽ അത്യാധുനിക ജിം സൗകര്യങ്ങൾ</td></tr>
</table>

| | | | |
|---|---|---|---|
| | അറിയിക്കുമോ; വിശദമാക്കുമോ? | | കായിക താരങ്ങൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന സംവിധാനങ്ങളാണ് ഫിറ്റ്നസ് സെന്ററുകളിൽ സജ്ജമാക്കിയിട്ടുള്ളത്. അനുദിനം വർദ്ധിച്ചു വരുന്ന ജീവിത ശൈലീ രോഗങ്ങൾ പ്രതിരോധിക്കുക, ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ വിഭാവനം ചെയ്തിരിക്കുന്നത്.സർക്കാരിന്റെ "എല്ലാവർക്കും ആരോഗ്യം" എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 15 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഒരു എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരികയുമാണ്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| | **തിരുവനന്തപുരം** | |
| 1 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ജിവി.രാജ സ്കൂൾ, മൈലം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 2 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ജിമ്മിജോർജ് സ്പോർട്സ് ഹബ്ബ് | |
| 3 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ | |
| 4 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ, പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ | |
| 5 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, വട്ടിയൂർകാവ് ഷൂട്ടിംഗ്റേഞ്ച് | |
| | **കൊല്ലം** | |
| 6 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കൊല്ലം ഹോക്കി സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| | **പത്തനംതിട്ട** | |
| 7 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോന്നി | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| | **ആലപ്പുഴ** | |
| 8 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മാവേലിക്കര | പ്രവൃത്തി പൂർത്തീകരിച്ചു |
| | **കോട്ടയം** | |
| 9 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, പാല | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| | **തൃശ്ശൂർ** | |
| 10 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| | **പാലക്കാട്** | |
| 11 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ചിറ്റൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 12 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒറ്റപ്പാലം | പ്രവൃത്തി നടന്നുവരുന്നു |

| | | |
|---|---|---|
| **മലപ്പുറം** | | |
| 13 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോട്ടപ്പടി | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **കോഴിക്കോട്** | | |
| 14 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒളവണ്ണ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 15 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | |
| **കണ്ണൂർ** | | |
| 16 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |

Rajee R Pillai
സെക്ഷൻ ഓഫീസർ